"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എച്ച്.എൽ.എൽ.ലൈഫ് കെയർ ലിമിറ്റഡിനെ ജനകീയാസൂത്രണ പദ്ധതിയിൽ വെറ്ററിനറി മരുന്നുകൾ, ഫാർമസ്യൂട്ടിക്കൽസ് എന്നിവയുടെ വിതരണക്കാരായി അംഗീകരിച്ചും സബ്സിഡി മാർഗ്ഗരേഖ പ്രകാരം മരുന്ന് വാങ്ങാൻ അനുമതിയുള്ള സ്ഥാപനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.3097/2022/LSGD തീയതി,തിരുവനന്തപുരം, 13-12-2022

---

പരാമർശം:-

1. എച്ച്.എൽ.എൽ.ലൈഫ് കെയർ ലിമിറ്റഡ് അസോസിയേറ്റ് വൈസ് പ്രസിഡന്റിന്റെ 02.08.2021, 13.08.2021 തീയതികളിലെ HLL/ RBD CHO/2021-22 നമ്പർ കത്ത്
2. പഞ്ചായത്ത് ഡയറക്ടറുടെ 16.05.2022ലെ PAN /23036/2018-J1(DP) നമ്പർ റിപ്പോർട്ട്
3. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022
4. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 02/08/2022 ലെ AHD/4645/2022-G3 നമ്പർ കത്ത്
5. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.11.2022 ന് നടന്ന യോഗത്തിന്റെ തീരുമാനം 4.4

**ഉത്തരവ്**

മരുന്നുകൾ, ആശുപത്രി ഉപകരണങ്ങൾ, ലാബോറട്ടറിയിലേക്ക് വേണ്ട കെമിക്കലുകൾ, ശാസ്ത്രീയ ഉപകരണങ്ങൾ എന്നിവയുടെ അംഗീകൃത വിതരണ സ്ഥാപനമായി എച്ച്.എൽ.എൽ.ലൈഫ് കെയർ ലിമിറ്റഡിനെ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. കൂടാതെ മെഡിക്കൽ കോളേജുകൾ, ജില്ലാ/ജനറൽ/താലൂക്കാശുപത്രികളിൽ PPP മോഡലായും പ്രവർത്തിക്കുന്നുണ്ട്. ഇൻഡ്യയിലാകെ 280 ഫാർമസി ഔട്ട് ലെറ്റുകളും ഉണ്ട്. എച്ച്.എൽ.എൽ.ലൈഫ് കെയർ ലിമിറ്റഡ് വഴി വിതരണം ചെയ്യുന്നവയ്ക്ക് പൊതുവെ 50 ശതമാനം വരെ വിലക്കുറവുണ്ട്. സംസ്ഥാന സർക്കാർ എച്ച്.എൽ.എൽ.ലൈഫ് കെയറിനെ മുകളിൽ പറഞ്ഞവയുടെ അംഗീകൃത സപ്ലൈയർ ആയി അംഗീകരിച്ചിട്ടുണ്ട്. ഇവയ്ക്കൊപ്പം തദ്ദേശഭരണസ്ഥാപനങ്ങൾ നടപ്പാക്കുന്ന പ്രോജക്ടുകളിലേക്കാവശ്യമായ വെറ്ററിനറി മരുന്നുകൾ, ഫാർമസ്യൂട്ടിക്കൽസ് എന്നിവയുടെ അംഗീകൃത സപ്ലൈയർ ആയി എച്ച്.എൽ.എൽ.ലൈഫ് കെയർ ലിമിറ്റഡിനെ നിശ്ചയിക്കണമെന്നും അതുവഴി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് എച്ച്.എൽ.എൽ.ലൈഫ് കെയർ ലിമിറ്റഡിൽ നിന്നു നേരിട്ട് വാങ്ങാൻ അനുമതി നൽകണമെന്നും എച്ച്.എൽ.എൽ.ലൈഫ് കെയർ ലിമിറ്റഡ് പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

2. വെറ്റിനറി ആശുപത്രികളിലേയ്ക്ക് ആവശ്യമായ മരുന്നുകളും അനുബന്ധ സാമഗ്രികളും വകുപ്പിൽ നിന്നും ലഭ്യമല്ലാത്ത സാഹചര്യത്തിൽ നോൺ അവയലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നീതി/മാവേലി/സപ്ലൈകോ മെഡിക്കൽ സ്റ്റോറിൽ നിന്നും വാങ്ങി നൽകുന്നതിന് പരാമർശം (3) മാർഗ്ഗരേഖ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. അലോപ്പതി മരുന്നുകൾ വാങ്ങാവുന്ന സ്ഥാപനങ്ങളെ സംബന്ധിച്ചും പ്രസ്തുത മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടുണ്ട്. പരാമർശം (3) ഉത്തരവിന്റെ പരിധിയിൽ എച്ച്.എൽ.എൽ.ലൈഫ് കെയർ ലിമിറ്റഡിനെ ഉൾപ്പെടുത്താവുന്നതാണെന്ന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

3. പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എച്ച്.എൽ.എൽ.ലൈഫ് കെയർ ലിമിറ്റഡിന്റെ ഉല്പന്നങ്ങൾക്കെല്ലാം പൊതുവെ വിലക്കുറവാണ് എന്നതും HLL Life care Ltd ഒരു പൊതുമേഖലാ സ്ഥാപനമാണെന്നും പരിഗണിച്ച്, പ്രത്യേക പരിഗണന നൽകി, എച്ച്.എൽ.എൽ.ലൈഫ് കെയർ ലിമിറ്റഡിൽ നിന്ന് മറ്റുള്ള സ്ഥാപനങ്ങളോടൊപ്പം വെറ്റിനറി മരുന്നുകളും ഫാർമസ്യൂട്ടിക്കൽസും നേരിട്ട് വാങ്ങുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

4. പരാമർശം (3) സബ്സിഡി മാർഗ്ഗരേഖ പ്രകാരം KMSCL നിന്നു മരുന്നു ലഭിക്കാൻ വൈകിയാൽ കാരുണ്യ, മാവേലി സ്റ്റോർ, സപ്ലൈകോ, ജൻ ഔഷധി, നീതി സ്റ്റോർ, എസ്.എ.റ്റി ഇൻഹൗസ് ഡ്രഗ് ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളുടെ ഔട്ട് ലെറ്റുകളിൽ നിന്നു മരുന്നു വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളോടൊപ്പം എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിനെ കൂടി ഉൾപ്പെടുത്തിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

1. അസോസിയേറ്റ് വൈസ് പ്രസിഡന്റ്, എച്ച്.എൽ.എൽ.ലൈഫ് കെയർ ലിമിറ്റഡ്,
എച്ച്.എൽ.എൽ. ഭവൻ, തിരുവനന്തപുരം - 695012
2. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. പഞ്ചായത്ത് ഡയറക്ടർ
9. നഗരകാര്യ ഡയറക്ടർ
10. ഗ്രാമവികസന കമ്മീഷണർ
11. ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
12. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
13. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
14. എല്ലാ ജില്ലാകളക്ടർമാർക്കും

15. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
16. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
17. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
18. ഡയറക്ടർ ജനറൽ, കില
19. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
20. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
21. വിവര പൊതുജനസമ്പർക്ക(വെബ് &ന്യൂ മീഡിയ) വകുപ്പ്
22. മൃഗസംരക്ഷണ (ജി) വകുപ്പ്
23. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sureshkumar K
Date: 14-12-2022 10:50:26

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്